## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **5849** — **30-7-2015** ലെ മറുപടിക്ക്

### സഹകരണ മേഖലയിലെ പഠന സമിതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>,, എം.എ. വാഹിദ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. മുരളീധരൻ | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിലെ വിവിധ വിഷയങ്ങളിൽ പഠനസമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) ഏതെല്ലാം പഠനസമിതികളാണ് രൂപീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) | വനിതാ സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, പ്രിന്റിംഗ് സഹകരണ സംഘങ്ങൾ, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, പട്ടിക ജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ വിവിധ പഠന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരുടേയും അപ്രൈസർ മാരുടേയും സേവന വ്യവസ്ഥകളെ സംബന്ധിച്ച് പഠനം നടത്തുന്നതിനായും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത സമിതികളുടെ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ? | (സി) | മേൽ പരാമർശിച്ചവയിൽ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.<br><br>കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരുടേയും അപ്രൈസർമാരുടേയും സേവന വ്യവസ്ഥകളെ സംബന്ധിച്ച് പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രിന്റിംഗ് സഹകരണ സംഘങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട് , എസ്.സി./എസ്.റ്റി. സംഘങ്ങളെ സംബന്ധിച്ച് പഠന നടത്തിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിന്റെ റിപ്പോർട്ട് എന്നിവയിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് വിഭാഗങ്ങളിലുള്ള പഠന സമിതികളുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

[illegible]

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം.87/2015/സഹ     തീയതി, തിരുവനന്തപുരം,15/07/2015**

---

പരാമർശം:- 1. 11.09.2009 ലെ സ.ഉ(കൈ) നം. 189/2009/സഹ നമ്പർ സർക്കാർ ഉത്തരവ്.

2. 03.01.2012 ലെ സ.ഉ (കൈ) നം. 1/2012/സഹ നമ്പർ സർക്കാർ ഉത്തരവ്.

3. 22.10.2013 ലെ സ.ഉ(സാധാ) നം. 666/2013/സഹ നമ്പർ സർക്കാർ ഉത്തരവ്.

4. സഹകരണ സംഘം രജിസ്ട്രാറുടെ 13.05.2015, 03.07.2015 എന്നീ തീയതികളിലെ ഇ.എം(4) 9458/2013 നമ്പർ കത്തുകൾ.

## ഉത്തരവ്

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന-വേതന വ്യവസ്ഥകൾ പരാമർശം (1) പ്രകാരം പരിഷ്കരിച്ചിരുന്നു. തുടർന്ന്, സഹകരണ സ്ഥാപനങ്ങളിൽ 'കമ്മീഷൻ വ്യവസ്ഥയിൽ' ജോലി ചെയ്തുവരുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും തസ്തിക, ഘടന, സേവന - വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (3) പ്രകാരം ശ്രീ.പി.എം.സുരേഷ് ബാബു ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടും, ടി റിപ്പോർട്ടിന്മേൽ പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച ശുപാർശകളും സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളിൽ 'കമ്മീഷൻ വ്യവസ്ഥയിൽ' സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരുടെയും അപ്രൈസർമാരുടെയും

സേവന-വേതന വ്യവസ്ഥകൾ താഴെപ്പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1 സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാരിലും, അപ്രൈസർമാരിലും, 10 വർഷം സേവനമുള്ളതും പ്രതിമാസം ചുരുങ്ങിയത് ഒരു ലക്ഷം രൂപ കളക്ഷൻ നടത്തി വരുന്നവരുമായ നിക്ഷേപ വായ്പാ പിരിവുകാർക്കും കൂടാതെ പ്രതിമാസം കുറഞ്ഞത് 25 ലക്ഷം രൂപയുടെ സ്വർണ്ണ പണയ വായ്പയുടെ സ്വർണ്ണം പരിശോധിച്ചിട്ടുള്ള അപ്രൈസർമാർക്കും സ്ഥാപനത്തിലെ അവരുടെ സേവനം തൃപ്തികരമാണെന്ന് ചീഫ് എക്സിക്യൂട്ടീവിന് ബോധ്യപ്പെടുന്ന പക്ഷം കമ്മീഷനുപരിയായി 2500/- രൂപ സ്ഥിരവേതനമായി അനുവദിക്കുന്നതാണ്.

2 സഹകരണ സംഘം രജിസ്ട്രാറുടെ 11/2014 നമ്പർ സർക്കുലർ നിർദ്ദേശ പ്രകാരം സഹകരണ സംഘം ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS) നിക്ഷേപ വായ്പ പിരിവുകാർക്കും അപ്രൈസർമാർക്കും ബാധകമാക്കിക്കൊണ്ട് ഓരോ വ്യക്തിക്കും നിലവിൽ ബാധകമാക്കിയിട്ടുള്ള വാർഷിക പോളിസി തുക 300/- രൂപ എല്ലാ വർഷവും നിക്ഷേപ വായ്പ പിരിവുകാർക്കും അപ്രൈസർമാർക്കും വേണ്ടി സംഘം നേരിട്ട് ഒടുക്കി നിലവിൽ ബാധകമാക്കിയിട്ടുള്ള 10,00,000/- രൂപയ്ക്ക് പരിരക്ഷ ലഭ്യമാക്കേണ്ടതാണ്.

3 സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ/വായ്പാ പിരിവ് ഊർജ്ജിതമാക്കുന്നതിനായി നിക്ഷേപ/വായ്പാ പിരിവുകാർക്ക് ടൂ വീലർ വാഹന വായ്പ, മറ്റ് ജീവനക്കാർക്ക് നൽകുന്ന വാഹന വായ്പാ പലിശ നിരക്കിൽ ബന്ധപ്പെട്ട സംഘങ്ങൾക്ക് അനുവദിക്കുന്നു.

4 പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്യൂൺ തസ്തികയുടെ ഒഴിവിന്റെ 25%, 5 വർഷവും അതിൽ കൂടുതലും വർഷത്തെ സേവനമുള്ള നിക്ഷേപ/ വായ്പാ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കും വേണ്ടി സംവരണം ചെയ്യുന്നു. അപ്രകാരം സംവരണം നൽകുന്നതിനായി നിക്ഷേപ/വായ്പാ ഇനത്തിൽ ഏറ്റവും കുറഞ്ഞത് പ്രതിവർഷം 20,00,000/- (ഇരുപത് ലക്ഷം) രൂപയെങ്കിലും ശേഖരിച്ചിട്ടുള്ള നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാർക്കും പ്രതിവർഷം 50 ലക്ഷം രൂപയുടെ സ്വർണ്ണപ്പണയ വായ്പയുടെ സ്വർണ്ണം പരിശോധിച്ചിട്ടുള്ള അപ്രൈസർമാർക്കും മാത്രമായി നിജപ്പെടുത്തുന്നു.

5 സഹകരണ സംഘങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാർക്ക് ഉപയോഗിക്കുവാൻ കഴിയുന്ന വിധത്തിലുള്ളതും എന്നാൽ കൃത്രിമം നടത്തുവാൻ കഴിയാത്തതുമായ ഹാൻഡ് മെഷീൻ സംഘങ്ങൾ നൽകേണ്ടതും അപ്രകാരമുള്ള മെഷീൻ മുഖേന പ്രിന്റ് ചെയ്ത് നൽകുന്ന രസീത് ഔദ്യോഗിക രസീതായി പരിഗണിക്കുന്നതിനും പണം സ്വീകരിക്കുന്ന വേളയിൽ തന്നെ നിക്ഷേപകന് മൊബൈൽ ഫോൺ അലർട്ട് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടി ബന്ധപ്പെട്ട സംഘങ്ങൾ സ്വീകരിക്കേണ്ടതാണ്.

6 സംഘങ്ങളിൽ നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാർ സമാഹരിക്കുന്ന ഹ്രസ്വകാല ദിനനിക്ഷേപങ്ങളുടെ കോസ്റ്റ് താരതമ്യേന കൂടുതൽ ആയതിനാൽ അപ്രകാരമുള്ള നിക്ഷേപങ്ങൾ വളരെ ലാഭകരമായ വായ്പയായി വിനിയോഗിക്കേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ നിക്ഷേപ വായ്പാ പിരിവുകാർ സേവനമനുഷ്ഠിക്കുന്ന സംഘങ്ങളിൽ ആൾ ജാമ്യത്തിലോ മതിയായ മറ്റ് ഈട് ജാമ്യത്തിന്മേലോ "വ്യാപാരി ലോൺ/നിത്യ പിരിവ് വായ്പ" തുടങ്ങിയ പേരുകളിലുള്ള ഹ്രസ്വകാല വായ്പകൾ അംഗങ്ങൾക്ക് നൽകാവുന്നതാണ്. ആയതിന്മേലുള്ള ദിനംപ്രതി അടവ് നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാർ മുഖേന തിരികെ ഈടാക്കിക്കൊണ്ട് മേൽ കോസ്റ്റും സംഘം മാർജിനും സഹിതമുള്ള വായ്പാ തുക ലാഭകരമായി തിരികെ ഈടാക്കുവാൻ കഴിയും വിധം പ്രത്യേകം സബ്റൂൾ തയ്യാറാക്കി അംഗീകാരത്തോടെ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

7 സംഘാംഗങ്ങളുടെ ഭവന നിർമ്മാണം, പെൺകുട്ടികളുടെ വിവാഹം തുടങ്ങിയ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നൂതനമായ ദീർഘകാല സമ്പാദ്യ പദ്ധതികൾ, പ്രത്യേകം സബ്റൂൾ തയ്യാറാക്കി ആരംഭിക്കാവുന്നതും പ്രസ്തുത സമ്പാദ്യ പദ്ധതിയുടെ ദിനംപ്രതിയുള്ള അടവ് സ്വീകരിക്കുന്നതിന് ബാങ്കിലെ നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാരുടെ സേവനം വിനിയോഗിക്കാവുന്നതുമാണ്.

8 സംഘങ്ങൾക്ക് നിയമാവലി വ്യവസ്ഥകൾക്കനുസൃതമായി ലാഭകരമായി ആരംഭിക്കാവുന്ന വായ്പ, നിക്ഷേപം, വായ്പേതര നൂതന പദ്ധതികൾ എന്നിവയുണ്ടെങ്കിൽ ആയതിന് പ്രത്യേകം സബ്റൂൾ തയ്യാറാക്കി അംഗീകാരം വാങ്ങി നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

9 നിത്യവരുമാനക്കാരായ അംഗങ്ങൾക്ക് സംഘം നൽകിയിട്ടുള്ള വിവിധതരം വായ്പകൾ അംഗങ്ങളുടെ താല്പര്യാർത്ഥം നിശ്ചിത

കമ്മീഷനും കൂടി ഈടാക്കി നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാരുടെ സേവനം വിനിയോഗിച്ച് ദിനംപ്രതി കളക്ഷൻ നടത്തി തിരികെ ഈടാക്കാവുന്നതാണ്.

10 സഹകരണ സ്ഥാപനങ്ങൾ നൽകുന്ന വായ്പകളിൽ മാസത്തവണ തിരിച്ചടവ് കുടിശ്ശികയായി അതിന്മേൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്യേണ്ട സന്ദർഭത്തിൽ അപ്രകാരമുള്ള എല്ലാ വായ്പകളിലെയും കുടിശ്ശിക തുക നിക്ഷേപ വായ്പാ പിരിവുകാരുടെ സേവനം വിനിയോഗിച്ച് അവരുടെ കമ്മീഷനും കൂടി ഉൾപ്പെടുത്തി ദിനംപ്രതി തിരികെ ഈടാക്കാവുന്നതാണ്. ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുന്നതിന് മുമ്പ് കുടിശ്ശിക തുക അടയ്ക്കുവാൻ വായ്പക്കാർക്ക് ലഭിക്കുന്ന ഈ അവസരം (Alert period) വിനിയോഗിച്ച് കുടിശ്ശിക തീർക്കാത്തപക്ഷം ആർബിട്രേഷൻ കേസ്സ് ഫയൽ ചെയ്ത് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

11 സ്വർണ്ണ പണയ വായ്പ നൽകുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും അപ്രൈസിംഗ് യോഗ്യതയുള്ള ഗോൾഡ് അപ്രൈസർമാരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

12 സ്വർണ്ണ പണയ വായ്പകൾ നൽകുന്ന സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിലവിൽ അപ്രൈസർമാർ ഇല്ലെങ്കിൽ പ്രാരംഭ ഘട്ടത്തിൽ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ അപ്രൈസർമാരെ നിയമിക്കാവുന്നതും, സ്വർണ്ണ പണയ വായ്പ ലാഭകരമായി നൽകുന്നുവെങ്കിൽ അപ്രൈസർ തസ്തികയിൽ തുടർന്ന് സ്ഥിരനിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്. അപ്രകാരമുള്ള സ്ഥിരനിയമത്തിൽ കരാർ/ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത അപ്രൈസർമാർക്ക് മുൻഗണന നൽകേണ്ടതാണ്.

13 സാങ്കേതിക പരിജ്ഞാനം ആവശ്യമായ അപ്രൈസർ തസ്തിക പ്രത്യേകമായി നിലനിർത്തേണ്ടതും അപ്രൈസർ തസ്തികയിൽ നിന്നും ഉയർന്ന മിനിസ്റ്റീരിയൽ/സൂപ്പർവൈസറി തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുവാൻ പാടില്ലാത്തതുമാണ്. ഈ ഉത്തരവ് തീയതികളിൽ അപ്രൈസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന നിലവിലുള്ള സ്ഥിരം ജീവനക്കാർക്ക് നിലവിൽ ബാധകമായ ഫീഡർ കാറ്റഗറി റൂൾസിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഉദ്യോഗക്കയറ്റം നൽകുന്നതിന് തടസ്സമില്ലാത്തതാണ്.

14 സംഘങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് അനുവദിക്കപ്പെടുന്ന മെഡിക്കൽ അലവൻസ്/ മെഡിക്കൽ ഇൻഷ്വറൻസ് സൗകര്യം കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന നിക്ഷേപ/വായ്പാ പിരിവുകാർക്കും അപ്രൈസർമാർക്കും അനുവദിക്കേണ്ടതാണ്.

15 സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാർ, അപ്രൈസർമാർ എന്നിവർ തങ്ങളുടെ സേവന കാലയളവിനുള്ളിൽ മരണപ്പെട്ടാൽ നിലവിലുള്ള നിയമപ്രകാരം അവരുടെ ആശ്രിതർക്ക്, സംഘത്തിൽ പ്രസ്തുത നിക്ഷേപ-വായ്പാ കളക്ഷൻ/അപ്രൈസിംഗ് ജോലി നൽകുന്നത് പരിഗണിക്കാവുന്നതാണ്.

16 കമ്മീഷൻ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാർ, അപ്രൈസർമാർ എന്നിവരിൽ നിന്നും 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപ വീതം സെക്യൂരിറ്റി ഡെപ്പോസിറ്റായി സംഘം സ്വീകരിക്കേണ്ടതും, അവർ വിരമിക്കുന്ന വേളയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ബാക്കി നിൽക്കുന്ന തുകയും അതിന്മേൽ കുറഞ്ഞ വാർഷിക കൂട്ടു പലിശ (4%) സഹിതം തിരികെ നൽകേണ്ടതുമാണ്.

17 നിലവിലുള്ള നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാർ/ അപ്രൈസർമാർ എന്നിവർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റായി 50,000/- (അമ്പതിനായിരം രൂപ മാത്രം) അടവാക്കുവാൻ കഴിവില്ലെങ്കിൽ ടി തുക, സംഘം ജീവനക്കാർക്ക് അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്കിൽ, സംഘം വായ്പയായി അനുവദിക്കേണ്ടതും അവർ ആർജ്ജിക്കുന്ന കമ്മീഷനിൽ വേതനത്തിൽ നിന്നും നിശ്ചിത തുക വീതം കുറവ് ചെയ്ത് പ്രസ്തുത വായ്പയും പലിശയും തിരികെ ഈടാക്കാവുന്നതുമാണ്.

18 കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാർ, അപ്രൈസർമാർ എന്നിവർ സംഘത്തിൽ പ്രത്യേകം ബോണ്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഭാവിയിൽ അവരിൽ നിന്നും ഏതെങ്കിലും തരത്തിൽ സാമ്പത്തിക വീഴ്ച/ക്രമക്കേടുകൾ കണ്ടെത്തിയാൽ അപ്രകാരം തയ്യാറാക്കിയ ഇൻഡംനിറ്റി ബോണ്ടിന്റെ അടിസ്ഥാനത്തിൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് അംഗങ്ങൾക്ക്/ സംഘത്തിന് ഉണ്ടാകുന്ന നഷ്ടം തിരികെ ഈടാക്കുന്നതിനുള്ള വിധി സമ്പാദിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

19 സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാർക്കും അപ്രൈസർമാർക്കും തങ്ങളുടെ നിക്ഷേപ/വായ്പ കണക്കുകൾ സെറ്റിൽ ചെയ്യുന്നതിനും അപ്രൈസിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനുമായി സംഘങ്ങളിൽ പ്രത്യേകം സൗകര്യം അനുവദിക്കേണ്ടതും നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാരുടെ കണക്കുകൾ യഥാസമയം റിക്കൺസിലിയേഷൻ നടത്തുന്നതിനും കൺഫർമേഷൻ വാങ്ങി ബോധ്യപ്പെടുന്നതിനുമായി സംഘത്തിലെ/ബാങ്കിലെ ഒരു സീനിയർ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതുമാണ്.

20 നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശ പ്രകാരവും അനുവദിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാർക്കും അപ്രൈസർമാർക്കും അനുവദിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സംഘം/ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഉറപ്പ് വരുത്തേണ്ടതാണ്.

21 സ്വർണ്ണപണയ വായ്പകളിന്മേൽ അപ്രൈസർ കമ്മീഷൻ ഇനത്തിൽ സംഘങ്ങൾ/ബാങ്കുകൾ ഈടാക്കുന്ന അനുവദനീയമായ കമ്മീഷൻ പൂർണ്ണമായും അപ്രൈസർമാർക്ക് നൽകേണ്ടതാണ്.

22 കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാർ, അപ്രൈസർമാർ എന്നിവർക്ക് പ്രതിമാസം കമ്മീഷൻ ഇനത്തിൽ ആർജ്ജിക്കുന്ന തുക പരമാവധി 50,000/- രൂപയായി നിജപ്പെടുത്തി നൽകാവുന്നതും അധികമായി വരുന്ന തുക പ്രത്യേക അക്കൗണ്ടായി സ്ഥാപനത്തിൽ സൂക്ഷിച്ചുകൊണ്ട് അവർ സ്ഥാപനത്തിൽ നിന്നും വിരമിക്കുന്ന വേളയിൽ മാത്രം പലിശ സഹിതം തിരികെ നൽകാവുന്നതുമാണ്.

23 സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാരുടെയും അപ്രൈസർമാരുടെയും പേര് വിവരം, അവരുടെ സേവന സീനിയോറിറ്റി ക്രമത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് സംഘത്തിൽ പ്രത്യേകം ഹാജർ പുസ്തകം കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

24 കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാരും അപ്രൈസർമാരും ആഴ്ചയിൽ ഒരു ദിവസം നിക്ഷേപ/വായ്പാ കളക്ഷൻ ജോലികൾ/അപ്രൈസിംഗ് ജോലികൾ

അല്ലാതെ സംഘം/ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ചുമതലപ്പെടുത്തുന്ന സംഘത്തിന്റെ കുടിശ്ശിക നിവാരണവുമായി ബന്ധപ്പെട്ട ജോലികൾ കൂടി നിർവ്വഹിക്കേണ്ടതാണ്. ഇപ്രകാരം നിർവ്വഹിക്കപ്പെടുന്ന സേവനം കൂടി പരിഗണിച്ചാണ് പെൻഷൻ ഫണ്ടിലേയ്ക്ക് ഈ വിഭാഗക്കാർക്ക് വേണ്ടിയുള്ള സംഘം വിഹിതം അടവാക്കുവാനുള്ളത്.

25 സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കുമായി മാത്രം പ്രത്യേക പെൻഷൻ പദ്ധതി രൂപീകരിക്കേണ്ടതാണ്. ആയതിനായി ടി വിഭാഗക്കാരുടെ കമ്മീഷനിൽ നിന്നും പ്രതിമാസ വേതനമായി നിജപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള തുകയോ അവരുടെ സ്ഥിരവേതനമോ ഇതിൽ ഏതാണോ കൂടുതൽ അതിന്റെ 10% മേൽ വിഭാഗക്കാരിൽ നിന്നും ഈടാക്കേണ്ടതും മേൽ പ്രതിപാദിച്ച തുകയുടെ 12% സംഘം/ബാങ്ക് വിഹിതമായി അനുവദിക്കേണ്ടതുമാണ്. മേൽ പ്രകാരം ഈടാക്കുന്നതും സംഘം അനുവദിക്കുന്നതും ചേർന്ന തുക സഹകരണ പെൻഷൻ ബോർഡിൽ ടി വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പെൻഷൻ സ്കീം ഫണ്ടിലേയ്ക്ക് യഥാസമയം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് അടയ്ക്കേണ്ടതാണ്.

26 പെൻഷൻ സ്കീമിൽ അംഗങ്ങളാകുന്ന നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാർക്കും അപ്രൈസർമാർക്കും, മിനിമം പെൻഷൻ അനുവദിക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫണ്ട് സ്വരൂപിക്കത്തക്കവിധമുള്ള സേവനകാലം ഇനി ഇല്ലാതിരിക്കുന്നവരുടെ കാര്യത്തിൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒരുമിച്ച് അടവാക്കുവാൻ ബാക്കി നിൽക്കുന്നതായ തുക അവർ ഇതിനകം സംഘത്തിൽ അടച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വകകൊള്ളിച്ച് പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

27 സഹകരണ സംഘങ്ങളിൽ സഹകരണ സംഘം രജിസ്ട്രാറുടെ മുൻകൂർ അനുമതിയില്ലാതെ പുതിയതായി നിക്ഷേപ/വായ്പാ കളക്ഷൻ ഏജന്റുമാരെ നിയമിക്കുവാൻ പാടില്ലാത്തതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**പി. വേണുഗോപാൽ**
**സ്പെഷ്യൽ സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (എല്ലാ ജില്ലകളിലെയും)

മാനേജിംഗ് ഡയറക്ടർ/പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ ബാങ്ക്,
കോ-ബാങ്ക് ടവേഴ്സ്, പാളയം, തിരുവനന്തപുരം
ജനറൽ മാനേജർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന
ബാങ്ക്, തിരുവനന്തപുരം
പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ.&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*